# ലേല പരസ്യം

തിരുവില്വാമല ഗ്രൂപ്പ് ദേവസ്വം അസ്സി: കമ്മീഷണർ അവർകളുടെ ഓഫീസിൽ നിന്നും എല്ലാവരും അറിയുന്നതിനായി പരസ്യപ്പെടുത്തുന്നത് എന്തെന്നാൽ ഈ ഗ്രൂപ്പിൽപ്പെട്ട ഉത്രാളിക്കാവ് ക്ഷേത്രത്തിലെ 2021-22 വർഷത്തെ വെടിവഴിപാട് നടത്തുന്നതിനുള്ള അവകാശം (2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 കൂടി) 1വർഷത്തേയ്ക്ക് നൽകുന്നതിനുള്ള ലേലം 18/03/2021 10.00 Am-**ന്** ഉത്രാളിക്കാവ് ക്ഷേത്ര പരിസരത്ത് പരസ്യമായി ലേലം ചെയ്തു ഏൽപ്പിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ സ്ഥലത്തും സമയത്തും ഹാജറാകേണ്ടതും ലേലം ഏറ്റവും കൂടുതൽ സംഖ്യയ്ക്ക് വിളിക്കുന്ന ആളുടെ പേരിൽ മൂന്ന് വാക്ക് വിളിച്ച് ലേലം ഉറപ്പിക്കുന്നതാണ്. ലേലം കൊണ്ടയാൾ ലേല സംഖ്യയുടെ 50% സംഖ്യ തൽക്ഷണം ദേവസ്വത്തിൽ അടച്ച് രശീതി വാങ്ങേണ്ടതാണ്. ബാക്കി സംഖ്യ സ്ഥിരപ്പെടുത്തി ഉത്തരവ് വന്ന 16 ദിവസത്തിനുള്ളിൽ ദേവസ്വത്തിൽ അടച്ച് രശീതി വാങ്ങേണ്ടതാണ്.

എക്സ്പ്ലോസിവ് ആക്റ്റ് പ്രകാരമുള്ള ലൈസൻസ് ഉള്ളവർക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ അർഹതയുള്ളൂ. ലേലം ഉറപ്പിക്കുന്നതിന് മുമ്പായി ലേലക്കാരൻ ടി ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജറാക്കേണ്ടതാണ്.

വെടിവഴിപാട് ലേലത്തിൽ പങ്കെടുക്കുന്ന ആൾക്ക് ടിയന്റെ പേരിൽ **LE-3** ഫോറത്തിലുള്ള വെടിമരുന്ന് കൈവശം വെക്കാനുള്ള ലൈസൻസ്, **LE-7** ഫോറത്തിൽ ഗൺ പൗഡർ വെടിവഴിപാട് സ്ഥലത്തേക്ക് റോഡ് മാർഗ്ഗം വാനിൽ കൊണ്ടുവരാനുള്ള ലൈസൻസ്, ക്ഷേത്രത്തിലെ വെടിവഴിപാടിന് ആവശ്യമുള്ള വെടിമരുന്ന് നൽകുന്നതിന് ആവിശ്യമായ ലൈസൻസും, **LE-1** ലൈസൻസ് (Manufacturing and Explosive) എന്നിവ ഉണ്ടാകേണ്ടതാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WPC No.6412/12 ഉത്തരവ് പ്രകാരം LE-2 ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥലത്തിന് ഇൻഷുർ ചെയ്യേണ്ടതും, ക്ഷേത്രത്തിൽ ടെണ്ടർ കാലാവധിയിൽ ഉൾപ്പെടുന്ന കാലയളവിലുള്ള വെടികൾ മുഴുവൻ ടെണ്ടറുകാരന്റെ ചുമതലയിലും ഉത്തരവാദിത്വത്തിലും നടത്തേണ്ടതും ആണ്. Explosive Act അനുശാസിക്കുന്ന ലൈസൻസ് 3rd Party Insurance claim അടക്കം ലഭിക്കുന്നതിനായി Insurance മറ്റു സുരക്ഷ നടപടികൾ ഇവ എല്ലാം ടെണ്ടറുകാരന്റെ ഉത്തരവാദിത്വത്തിൽ പരിപാലിക്കേണ്ടതും അവയുടെ ലംഘനം നിമിത്തമോ ടെണ്ടറുകാരന്റെയോ, ടിയാന്റെ കീഴിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടേയോ അശ്രദ്ധ നിമിത്തമോ, ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ബന്ധപ്പെട്ട ദേവസ്വത്തിനോ കൊച്ചിൻ ദേവസ്വം ബോർഡിനോ യാതൊരു വിധ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു. ടെണ്ടറുകാരൻ വെടിവഴിപാട് പ്രവർത്തി മുഴുവനായും സ്വന്തം ചിലവിൽ Insure ചെയ്ത് പോളിസി ദേവസ്വത്തിൽ ഏപ്രിൽ 1 ന് മുൻപ് ഹാജരാക്കേണ്ടതാണ്.

വെടിവഴിപാട് ലേലം കൊള്ളുന്നയാൾക്ക് 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 കൂടിയുള്ള കാലയളവിൽ വെടിവഴിപാട് നടത്തുന്നതിനുള്ള അവകാശം ഉള്ളൂ.

വെടിവഴിപാട് നടത്തുന്നതിന് ലേലം എടുത്തയാൾ വെടി **1-ന് 15/-**ക പ്രകാരം വഴിപാട്കാരിൽ നിന്നും വസൂൽ ചെയ്ത് വഴിപാട് നടത്തേണ്ടതാണ്.

ലേലക്കാരന്റെ അശ്രദ്ധ മൂലമോ മറ്റോ വെടി സംബന്ധമായി അപകടങ്ങൾ ഉണ്ടായാൽ ആയതിൽ ദേവസ്വത്തിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല. അപ്രകാരം ക്ഷേത്രത്തിനോ വസ്തുവഹകൾക്കോ കേടുപാടുകൾ സംഭവിച്ചാൽ മുഴുവൻ നഷ്ടപരിഹാരവും ലേലക്കാരിൽ നിന്ന് വസൂൽ ചെയ്യുന്നതാണ്. ആയതിൽ ലേലക്കാരൻ പരിപൂർണ്ണ ഉത്തരവാദിയും, നിയമനടപടികൾക്ക് വിധേയനുമാണ്.കൂടാതെ വെടിവഴിപാട് നടത്തുമ്പോൾ വെടിവഴിപാട് നടത്തുന്ന ജീവനക്കാർക്കോ, ദേവസ്വം ജീവനക്കാർക്കോ, ക്ഷേത്രത്തിൽ വരുന്ന ഭക്തജനങ്ങൾക്കോ എന്തെങ്കിലും അത്യാഹിതം സംഭവിച്ചാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്തം ലേലക്കാരന്റെതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ നിരതദ്രവ്യമായി 5000-/ക യുടെ ഡിമാന്റേ ഡ്രാഫ്റ്റ് അസിസ്റ്റൻറ് കമ്മിഷണർ, തിരുവില്വാമല ഗ്രൂപ്പ്, കൊച്ചിൻ ദേവസ്വം ബോർഡ് എന്ന പേരിൽ സമർപ്പിക്കേണ്ടതാണ്.

ടി ലേലം ദേവസ്വത്തിന് ഗുണകരമല്ലെന്ന് തോന്നുന്ന പക്ഷം ഏതൊരു നടപടിയും സ്വീകരിക്കുന്നതിന് താഴെ പറയുന്ന ആൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ടി ലേലത്തിനെപ്പറ്റി കൂടുതൽ വിവരങ്ങൾ അറിയുവാൻ www.cochindevaswomboard.org എന്ന Web-Siteലോ, ഈ ഓഫീസിലോ, ഉത്രാളിക്കാവ് ദേവസ്വത്തിലോ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

ദേവസ്വം അസി:കമ്മിഷണർ,
കാര്യാലയം- വടക്കാഞ്ചേരി

അസി:കമ്മിഷണർ
തിരുവില്വാമല ഗ്രൂപ്പ്